**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4493** **29-10-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് മെഡിക്കൽ കോളേജ് ഭരണചെലവുകൾക്ക് വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിലെ ഭരണ ചെലവുകൾക്ക് 2225-01-277-54 ശീർഷകം വഴി 2016-17 മുതൽ 2020-21 വരെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം മുതൽ 1000/-രൂപയാണ് ടോക്കൺ പ്രൊവിഷനായി വകയിരുത്തിവന്നത്. മറ്റ് തുകകളൊന്നും 2225-01-277-54 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല. |
| (ബി) | പാലക്കാട് മെഡിക്കൽ കോളേജിലെ ഭരണ ചെലവുകൾക്ക് 2225-01-277-54 ശീർഷകം വഴി ആവശ്യമായ തുക നാളിതുവരെ വകയിരുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നിലവിൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണ ചെലവുകൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത് 2225-01-277-57-00-34 other charges (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ്. ഭരണ ചെലവുകൾക്കായി 2225-01-277-54 എന്ന പദ്ധതിയേതര (NP)ശീർഷകത്തിൽ തുക വകയിരുത്തുന്നതിനായി സമർപ്പിച്ച ശുപാർശകളിന്മേൽ ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അധിക ധനാനുമതി വഴി ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | പ്രസ്തുത മെഡിക്കൽ കോളേജ് പട്ടികജാതി വകുപ്പിന് കീഴിൽ നിന്ന് മാറ്റുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഭരണചെലവുകൾക്ക് മതിയായ തുക വകയിരുത്താത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണചെലവുകൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണ ചെലവുകൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ